പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1635 | 05.02.2019-ൽ മറുപടിയ്ക്ക് |

**പ്ലാസ്റ്റിക് ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉല്പന്നങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്ലാസ്റ്റിക് പൊതുനിരത്തിൽ കത്തിക്കുന്നത് തടഞ്ഞിട്ടുണ്ടെങ്കിലും അവ നിർബാധം കത്തിക്കുന്നത് മൂലം ഉണ്ടായിട്ടുള്ള മലിനീകരണം അർബുദത്തിന് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പ്ലാസ്റ്റിക് കത്തിക്കുന്നതുമൂലമുണ്ടാകുന്ന പുക ആരോഗ്യ - പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | അടിയന്തരമായി നിരോധിക്കേണ്ട പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ പട്ടിക തയ്യാറാക്കുവാൻ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് നിരോധനത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ട പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനായി 12.12.2018-ലെ G.O (Rt) No.134/2018/Envt പ്രകാരം ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എൻവയോൺമെന്റൽ എഞ്ചിനീയർ , ഡിപ്പാർട്ട്മെൻറ് ഓഫ് എൻവയോൺമെൻറ് & ക്ലൈമറ്റ് ചെയിഞ്ച്, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ്, CIPET പ്രതിനിധി, Kerala Plastic Manufacturers Association (KPMA) പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ എന്തൊക്കെ കാര്യങ്ങൾ പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് സമിതിയോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ? | (ഡി) | കമ്മിറ്റിയുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.<br>1) പ്ലാസ്റ്റിക്കിൽ പൊതിഞ്ഞതോ, പ്ലാസ്റ്റിക്ക് പൂശിയതോ ഉൾപ്പെടെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ (വ്യാവസായിക ആവശ്യങ്ങൾ ഒഴികെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ) അവയുടെ കനം പരിഗണിക്കാതെ തന്നെ നിരോധന പരിധിയിൽ കൊണ്ടുവരുന്നതിനായി പ്ലാസ്റ്റിക്കിന്റെ അംശം, |

| | | | |
|---|---|---|---|
| | | | പൂശിയതോ അല്ലാത്തതോ, പ്ലാസ്റ്റിക്കിന്റെ ശതമാനം, അതിന്റെ ദോഷകരമായ ഫലങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പട്ടികയിൽ ചേർക്കേണ്ടതാണ്.<br>2) ദീർഘകാല പ്ലാസ്റ്റിക്ക് നിയന്ത്രണം നിയമ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കേണ്ടതാണ്.<br>3) പ്ലാസ്റ്റിക്ക് നിരോധനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക്കിനു പകരം ഉപയോഗിക്കാവുന്ന ഉൽപ്പന്നങ്ങൾ നിർദ്ദേശിക്കേണ്ടതാണ്.<br>4) വിദഗ്ദ്ധ സമിതി, 15.2.2019 ന് മുൻപായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ